LIBRARY ARCHIVES Kerala Legislative Assembly

ലഭിക്കാത്തതിനാൽ നൽകാൻ കഴിഞ്ഞിട്ടില്ല. ബാക്കി തുക മുഴുവനായും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2021-22 സാമ്പത്തിക വർഷത്തിൽ 5,52,88,390 രൂപയുടെ ധനസഹായ വിതരണത്തിനുള്ള അനുമതി ഉത്തരവായിട്ടുണ്ട്. നിലവിൽ കടാശ്വാസ കമ്മീഷൻ പ്രഖ്യാപിച്ച അവാർഡുകളിൽ പരിശോധന നടത്തി അർഹതപ്പെട്ട 521 അപേക്ഷകളിന്മേൽ 1,42,06,272 രൂപയുടെ കടാശ്വാസ തുക അനുവദിക്കുന്നതിന് കൃഷി വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു. കടാശ്വാസ കമ്മിഷൻ പ്രഖ്യാപിച്ച 55,23,61,772 രൂപയുടെ 7,627 അപേക്ഷകൾ അർഹതാ പരിശോധനയ്ക്കായി ജില്ലകളിലേയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധന പൂർത്തിയാക്കി ലഭ്യമാകുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതിലേയ്ക്കായി കൃഷി വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഈ തുക എന്നേയ്ക്ക് നൽകുമെന്ന വിശദാംശം നൽകാമോ?

പരിശോധനാ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തുക അടിയന്തരമായി കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ എത്ര സഹകരണ സ്ഥാപനങ്ങൾക്ക് ഇപ്രകാരം തുക നൽകാനുണ്ട്; വിശദാംശം നൽകാമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിലെ 12 സഹകരണ സ്ഥാപനങ്ങൾക്ക് തുക നൽകാനുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

വാമനപുരം മണ്ഡലത്തിലെ റിസ്ക് ഫണ്ട് പദ്ധതി

261(3693) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2020 കാലയളവിൽ വാമനപുരം മണ്ഡലത്തിൽ റിസ്ക് ഫണ്ട് പദ്ധതിപ്രകാരം എത്ര പേർക്ക് ആശ്വാസം നൽകാൻ കഴിഞ്ഞുവെന്ന് അറിയിക്കാമോ;

(ബി) ഇതിനായി എത്ര തുക വിനിയോഗിച്ചുവെന്ന് അറിയിക്കാമോ?

(എ&ബി) 2016-2020 കാലയളവിൽ വാമനപുരം നിയോജക മണ്ഡലത്തിൽ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം 159 പേർക്ക് 1,44,60,823 രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.